(ബി) 1991 മുതൽ കുടിശ്ശികയുണ്ട്. വാടക കുടിശ്ശിക നൽകാനുള്ള സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.†

(സി) വാടക കുടിശ്ശിക മുഴുവൻ കൊടുത്തു തീർക്കുന്നതിനാവശ്യമായ ഫണ്ട് അലോട്ടുമെന്റിന്റെ കുറവുകൊണ്ടാണ്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കഴിയുന്നതും വേഗം കൊടുത്തു തീർക്കുന്നതാണ്.

മലപ്പുറം ജില്ലയിൽ വി. എച്ച്. എസ്. ഇ. സ്കൂളുകളിൽ അനിമൽ ഹസ്ബൻഡറി ഉൾപ്പെടുത്തിയുള്ള കോഴ്സുകൾ ആരംഭിക്കാൻ നടപടി

41 (3682) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലപ്പുറം ജില്ലയിലെ വി. എച്ച്. എസ്. ഇ. സ്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ അനിമൽ ഹസ്ബൻഡറി കോഴ്സുകൾ ഉൾപ്പെടുത്തി ക്ലാസ്സുകൾ തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം സർക്കാർ കൈക്കൊള്ളുകയാണെങ്കിൽ പ്രസ്തുത സ്കൂളിൽ അനിമൽ ഹസ്ബൻഡറി കോഴ്സുകൾ തുടങ്ങാനുള്ള കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

കുഴൽമന്ദം വിദ്യാഭ്യാസ ഉപജില്ലയിൽ എ. ജെ. ബി. എസ്. എന്ന വിദ്യാലയം ഉൾപ്പെടുത്തണമെന്ന ആവശ്യം

42 (3683) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ പുതുതായി രൂപീകൃതമായ കുഴൽമന്ദം വിദ്യാഭ്യാസ സബ്ജില്ലയിൽ കൂത്തന്നൂർ പഞ്ചായത്തിലെ എ. ജെ. ബി. എസ്. കൂത്തന്നൂർ എന്ന വിദ്യാലയത്തെ ഉൾപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പ്രസ്തുത സ്കൂളിലെ പി.റ്റി.എ. സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സ്വീകരിച്ചിട്ടുണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) കൂത്തന്നൂർ എ.ജെ.ബി.എസ്.നെ കുഴൽമന്ദം എ.ഇ.ഒ ഓഫീസിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ ?

---

†അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly